**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 86** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആകെ 86 പ്രീമെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 11 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും, 102 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകളിൽ 5-ാം ക്ലാസ് മുതൽ പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ പോസ്റ്റ്മെട്രിക് കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി വരുന്നു.

**(ബി)** പുതിയതായി ഹോസ്റ്റലുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ഗേൾസ്), മനിശ്ശേരി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്), എറണാകുളം ജില്ലയിലെ ആലുവ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്), ആലപ്പുഴ ജില്ലയിലെ ചേർത്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ഗേൾസ്) എന്നീ 4 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പുതുതായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ അട്ടപ്പാടി പുതുരിൽ പെൺകുട്ടികൾക്കായുള്ള പുതിയ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ സുരക്ഷ, ഭക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഹോസ്റ്റലുകളിൽ സുരക്ഷ, ഭക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് ലഭ്യമാകുന്ന പരാതികൾ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന പരിഹരിക്കുന്നുണ്ട്.

ഹോസ്റ്റലുകളിലെ മെസ് ചാർജ്, മെനു എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**